തൻ്റെ രണ്ട് ചുമലുകൾക്ക് മുകളിൽ ഒന്നുമില്ലാതെ,
ഒരൊറ്റ വസ്ത്രത്തിൽ നിങ്ങളിലൊരാളും നിസ്കരിക്കരുത്
ُه عَنُْه- ്ദർദാഅ്ദുഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "തൻ്റെ രണ്ട് ചുമലുകൾക്ക് മുകളിൽ
ഒന്നുമില്ലാതെ, ഒരൊറ്റ വസ്ത്രത്തിൽ നിങ്ങളിലൊരാളും നിസ്കരിക്കരുത്."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
ഒരൊറ്റ വസ്ത്രത്തിൽ നിസ്കരിക്കുന്ന വ്യക്തി തൻ്റെ തോളിനും കഴുത്തിനും ഇടയിൽ യാതൊരു
വസ്ത്രവുമില്ലാത്ത നിലയിൽ നിസ്കരിക്കുന്നത് നബി -صلى الله عليه وسلم- വിലക്കുന്നു. രണ്ട് ചുമലുകൾ
ഔറത്തല്ലായെങ്കിലും അവ രണ്ടും മറക്കുന്നത് നിസ്കാരത്തിലെ ഔറത്ത് മറക്കാൻ കൂടുതൽ
സഹായകമാണ്. നിസ്കാരത്തിൽ അല്ലാഹുവിൻ്റെ മുൻപിൽ നിൽക്കുമ്പോൾ പാലിച്ചിരിക്കേണ്ട
അല്ലാഹുവിനോടുള്ള ആദരവിൻ്റെയും ബഹുമാനത്തിൻ്റെയും രീതിയോട് ഏറ്റവും അടുത്തു
നിൽക്കുന്നതും ഈ രീതിയാണ്.
https://sunnah.global/hadeeth/ml/show/10639